**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3037** **18-03-2022 - ൽ മറുപടിയ്ക്ക്**

**തോടുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; ഈ പ്രോജക്റ്റിന്റെ ഭാഗമായി വാങ്ങിയ സിൽറ്റ് പുഷർ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; കാലാവസ്ഥ അനുകൂലമായിട്ടും ടി മെഷീൻ കണ്ണമ്മൂല - ആക്കുളം പ്രദേശത്ത് വിനിയോഗിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) | ആമയിഴഞ്ചാൻ തോടിന്റെ നവീകരണത്തിനായി GO(Rt) 187/2020/WRD dated 27.02.2020 പ്രകാരം 25 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. 1. KWA - നടപ്പിലാക്കുന്ന സീവേജ് പ്രവൃത്തികൾ- 10.78 കോടി 2. Protection work - 6.57 കോടി 3. Desiltation - 2.71 കോടി 4. Screen installation - 26 ലക്ഷം 5. Boundary fixation - 10 ലക്ഷം 6. Slit pusher -3.5 കോടി നിലവിൽ ഇറിഗേഷൻ പ്രവൃത്തിയായ തോടിന്റെ സൈഡ് വാൾ നിർമ്മാണം പുരോഗതിയിലാണ്. തോടിന്റെ ഇടതു കരയിൽ 120 മീറ്റർ നീളത്തിൽ lining work പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വലതുകര ബണ്ടിൽ 40 മീറ്റർ നീളത്തിൽ lining work നടപ്പിലാക്കിവരുന്നു. പുതിയ സൈഡ് വാൾ നിർമ്മാണത്തിനുള്ള sand piling മാർച്ച് മാസം അവസാനത്തോടുകൂടി ആരംഭിക്കുന്നതാണ്. തോടിന്റെ അതിർത്തി നിർണ്ണയത്തിനുള്ള പ്രവൃത്തി നെല്ലിക്കുഴി മുതൽ ആരംഭിച്ചുവെങ്കിലും കടകംപള്ളി വില്ലേജിൽ ഇടത്തറ പാലം മുതൽ സർവ്വ രേഖകൾ ലഭ്യമല്ലാത്തതിനാൽ അതിർത്തി നിർണ്ണയം തടസ്സപ്പെട്ടിരിക്കുകയാണ്. Desiltation പ്രവൃത്തി ഏപ്രിൽ മാസം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണംമൂല, ആക്കുളം, ആമയിഴഞ്ചാൻ തോട് നവീകരണ പ്രവൃത്തി സിവിൽ വിഭാഗത്തിന്റെ പരിധിയിൽ ഉള്ളതാണ്. പ്രസ്തുത പ്രവൃത്തിയ്ക്ക് വേണ്ടി മെക്കാനിക്കൽ വിഭാഗം വഴി വാങ്ങിയ സിൽറ്റ് പുഷറിന്റെ ട്രയൽ റൺ തൃപ്തികരമായി നടത്തിയിട്ടുള്ളതും ടി മെഷിന്റെ വാടക മെക്കാനിക്കൽ വിഭാഗം നിശ്ചയിച്ച് ബന്ധപ്പെട്ട സിവിൽ വിഭാഗത്തിന് അറിയിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ബി) | പാർവ്വതി പുത്തനാർ നവീകരണ പദ്ധതി എന്ന് പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | പശ്ചിമതീര കനാലിന്റെ ഭാഗമായ പാർവ്വതി പുത്തനാറിന്റെ വികസനത്തിന്റെ 2-ാം ഘട്ടമാണ് നടന്ന് വരുന്നത് . 2-ാം ഘട്ടത്തിൽ പാർശ്വങ്ങളിലുള്ള കൈയ്യേറ്റ ക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടന്നു വരുന്നു. കനാലിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ 66.39 കോടി രൂപയ്ക്ക് അനുമതി ലഭിക്കുകയും മാർക്കറ്റ് നിരക്ക് കൂടി പരിഗണിച്ച് കിഫ്ബി പ്രസ്തുത തുക 87.18 കോടിയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട് . മറ്റ് വികസനത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 150 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരധിവാസ ത്തിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. 2025-ഓടുകൂടി പദ്ധതി പൂർത്തീകരിക്കുന്നതി നാവശ്യമായ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നു. |
| (സി) | കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് നിർമ്മാണ പുരോഗതി വിശദമാക്കാമോ; ടി പ്രവൃത്തി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായ അരശുംമൂട്-കുഴിവിള സ്വീവറേജ് വർക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത വർക്ക് എപ്പോൾ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (സി) | തിരുവനന്തപുരം നഗരസഭയുടെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പദ്ധതിയാണ്, കഴക്കൂട്ടം മുതൽ മുട്ടത്തറ വരെയുള്ള സ്വീവറേജ് പദ്ധതി. കഴക്കൂട്ടം ടെക്നോപാർക്ക് മുതൽ തുടങ്ങുന്ന ടി പദ്ധതി പല പാക്കേജുകളായിട്ടാണ് നടപ്പിലാക്കു ന്നത്. അവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. അവയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. അരശുംമൂട് - കുഴിവിള സ്വീവറേജ് പ്രവൃത്തി 26% പൂർത്തിയായി. എന്നാൽ പ്രതീക്ഷിത പുരോഗതി കൈവരിക്കാനാവാ ത്തതിനാൽ കരാർ കമ്പനിയായ വർദ്ധമാൻ എഞ്ചിനീയറിംഗ് വർക്സിനെ ഒഴിവാക്കി കരാർ കമ്പനിയുടെ നഷ്ടോത്തരവാദിത്തത്തിൽ ബാക്കി പ്രവൃത്തികൾ ചെയ്യാൻ ദർഘാസ്സുകൾ ക്ഷണിച്ചെങ്കിലും കരാറുകാർ പങ്കെടുക്കാത്ത തിനാൽ ടി പ്രവൃത്തിയെ നാലായി വിഭജിച്ച് അതിലൊന്നായ മാൻഹോളുകളുടെ പ്രവൃത്തി ആരംഭിക്കുകയും ബാക്കി മൂന്ന് പ്രവൃത്തികൾക്കും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് 2022 ആഗസ്റ്റ് മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല സ്രോതസുകളിൽ ഒന്നായ തെറ്റിയാർ തോട് നവീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (ഡി) | തെറ്റിയാർ തോടിന്റെ നവീകരണത്തിനായി പ്രീമൺസൂൺ (City flood) പ്രവൃത്തിയായി തെറ്റിയാറിലെ ചെളി നീക്കം ചെയ്യുന്നതി നായി 26 ലക്ഷം രൂപ അനുവദിച്ചു. ടി പ്രവൃത്തിയുടെ പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ബഡ്ജറ്റ് പ്രവൃത്തിയായി സൈഡ് വാൾ നിർമ്മാണത്തിനായി 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ഇ) | ആമയിഴഞ്ചാൻ തോട് സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ഇ) | തിരുവനന്തപുരം നഗരത്തിലൂടെ ഒഴുകുന്ന പ്രധാന തോടുകളായ ഉള്ളൂർതോട്, പട്ടംതോട് പഴവങ്ങാടി തോട് എന്നിവ കണ്ണമ്മൂലയിൽ ഒന്നായി ആമയിഴഞ്ചാൻ തോടായിട്ടാണ് ആക്കുളം കായലിലേക്ക് ഒഴുകുന്നത്. നിലവിൽ ആമയിഴഞ്ചാൻ തോട് നവീകരണ ത്തിനായി സമഗ്രമായ സമീപനമാണ് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണത്തിനായി 25 കോടി രൂപ അനുവദിച്ചതിനോടൊപ്പം ഇതിലേക്ക് ഒഴുകി എത്തുന്ന ഉള്ളൂർതോട് , പഴവങ്ങാടിതോട്, പട്ടം തോട് എന്നിവയുടെ പുനരുദ്ധാരണ ത്തിനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഉള്ളൂർ തോടിന്റെ പുനരുദ്ധാരണത്തിനായി 9 കോടി രൂപയുടെ പ്രവൃത്തി ടെൻഡർ സ്റ്റേജിലും പഴവങ്ങാടിതോടിന്റെ പുനരുദ്ധാരണത്തി നായി 80 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. ആദ്യഘട്ടത്തിൽ ടി തോടുകളുടെ ക്ലീനിംഗ് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. നിലവിൽ മാലിന്യം തള്ളുന്ന പ്രദേശങ്ങൾ തിരുവനന്തപുരം നഗരസഭയുടെ സഹായത്തോടെ കണ്ടെത്തി ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | കഴക്കൂട്ടം മണ്ഡലത്തിൽ കുടിവെള്ള സംവിധാനങ്ങൾ ഇല്ലാത്ത ചന്തവിള വാർഡ്, ഭാഗികമായി കുടിവെള്ള വിതരണ സംവിധാനങ്ങളുള്ള കടലോര വാർഡായ പള്ളിത്തുറ, കഴക്കൂട്ടം, കാട്ടായിക്കോണം എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ പ്രത്യേക പ്രോജക്ട് നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; കൊടിക്കുന്ന് കുടിവെള്ള പ്രോജക്ട് എപ്പോൾ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വിശദീകരിക്കാമോ; | (എഫ്) | ചന്തവിള, പള്ളിത്തുറ, കഴക്കൂട്ടം, കാട്ടായിക്കോണം എന്നീ നഗരസഭാ വാർഡുകളിൽ എല്ലാ വീട്ടിലും ശുദ്ധജലം എത്തിക്കാനുള്ള പ്രൊജക്ട് റിപ്പോർട്ട് അമൃത് 2.0 എന്ന പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിക്കാനായി തിരുവനന്തപുരം നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ് <br> കൊടിക്കുന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു. 20% പ്രവൃത്തികൾ പൂർത്തിയായി. ഈ പദ്ധതിയിൽ ക്ളിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് ഹൗസ്, 3.4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി, പി.വി.സി. ടാങ്ക്, 5015 മീറ്റർ ദൈർഘ്യത്തിൽ |

| | | | |
|---|---|---|---|
| | | | പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ, 9451 മീറ്റർ ദൈർഘ്യത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ, 1500 വാട്ടർ കണക്ഷനുകൾ നൽകൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. ഉപരിതല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊതു മരാമത്ത് വകുപ്പിന്റെയും, തിരുവനന്തപുരം നഗരസഭയുടെയും അനുമതി ലഭിക്കേണ്ട തുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം പൊതുമരാമത്ത് വകുപ്പിൽ റോഡ് പുന: സ്ഥാപന തുകയൊടുക്കുവാനായിട്ടില്ല. കൂടാതെ കരാറുകാരന് ബിൽ തുകയും നൽകിയിട്ടില്ല. ഈ പ്രവൃത്തിക്കായി ഫണ്ട് ലഭ്യമാക്കി കാലതാമസം കൂടാതെ പദ്ധതി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ജി) | ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാണോ എന്ന് വിശദമാക്കാമോ; ജലാശയങ്ങൾ മാലിന്യ മുക്തമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ? | (ജി) | സംസ്ഥാനത്തെ ജലാശയങ്ങളിലെ ഗുണനിലവാരം താഴ്ന്നതാണെന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത് കണക്കിലെടുത്ത് വിവിധ വകുപ്പുകൾ/ ഏജൻസികൾ ജലഗുണനിലവാരം മെച്ച പ്പെടുത്തുന്നതിനും, മാലിന്യം നേരിട്ട് ജലസ്രോതസുകളിൽ നിക്ഷേപിക്കാതിരിക്കു ന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഫലമായി ജലസ്രോതസുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിൽ പ്രത്യക്ഷത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും ജലഗുണനിലവാരത്തിൽ ഗുണപരമായ മാറ്റം കൂടുതലായി കൈവരിക്കേണ്ടിയിരിക്കുന്നു. പാലങ്ങളിൽ നിന്നും നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി നിർമ്മിച്ചിട്ടുള്ള വലകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ നദികൾ/ തോടുകൾ എന്നിവിടങ്ങളിലെ എക്കൽ/ മാലിന്യം എന്നിവ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയും ഫലപ്രദമാണ്. കേരളത്തിലെ 44 നദികളെയും മറ്റു ജലസ്രോതസുകളെയും ജനപങ്കാളിത്ത ത്തോടെ ശുചീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നവകേരളം പദ്ധതി-2 ന്റെ ഭാഗമായി വിഭാവനം ചെയ്യുന്നു. ഇതോടൊപ്പം ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി സ്വീകരിച്ചുവരുന്ന നിയമ നടപടികളും ഫലപ്രദമാണ്. കരമന നദി മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം കേരളം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ കരമന നദിക്കായുള്ള ആക്ഷൻ പ്ളാൻ തയ്യാറാക്കുകയും അതിന്റെ ഭാഗമായി കേരള വാട്ടർ അതോററ്റി സ്വീവറേജ് |

| | | | |
|---|---|---|---|
| | | | ഡിവിഷനിലൂടെ ഉടൻ നടപ്പിലാക്കേണ്ട പദ്ധതികൾ എന്നും ദീർഘകാലത്തിൽ നിർവഹിക്കേണ്ട പദ്ധതികൾ എന്നും തരം തിരിച്ച് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

# കേരള ജല അതോറിറ്റി

## പ്രോജക്ട് ഡിവിഷൻ , തിരുവനന്തപുരം

### കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പദ്ധതിയുടെ നിലവിലെ സ്ഥിതി

| | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ഇടത്തറയിൽ സ്വീവറേജ് പമ്പ്ഹൗസ് നിർമ്മിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 40% പൂർത്തിയായി. 31.05.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | ഇടത്തറ മുതൽ മുട്ടത്തറ വരെ സ്വീവറേജ് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 69% പൂർത്തിയായി. കാരാളി പ്രദേശത്തെ ജനങ്ങളുടെ എതിർപ്പ് കാരണം പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്നു. |
| 3(a) | ഇടത്തറ(എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പുലയനാർകോട്ട മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ 10 വരെ സ്വീവറേജ് ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-1) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 70% പൂർത്തിയായി. 31.05.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3(b) | ഇടത്തറ(എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട- വെൺപാലവട്ടം റോഡിലൂടെയും. ഗ്രീൻപാർക്ക് റോഡിലൂടെയും ആമയിഴഞ്ചാൻ തോടിനു വശത്തുകൂടി ഇടത്തറ മേഖലയിലെ മാൻഹോൾ 7 വരെ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-2) | ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. |
| 3 (c) | ഇടത്തറ(എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി ഉദയ ഗാർഡനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ മാൻഹോൾ 89 വരെ സ്വീവറേജ് ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-3) | പ്രവൃത്തി പൂർത്തിയായി. |
| 3(d) | ഇടത്തറ(എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട അരശുംമൂട് ജംഗ്ഷൻ മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 44% പൂർത്തിയായി. 30.04.2022-ന് പ്രവൃത്തി |

| | | |
|---|---|---|
| | മാൻഹോൾ 7 വരെ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-4) | ക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3(e) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപി ക്കലിന്റെ ഭാഗമായി മാൻഹോൾ 110 മുതൽ മാൻഹോൾ 150 വരെ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-5) | പ്രവൃത്തികൾ പുരോഗമി ക്കുന്നു, 28% പൂർത്തിയായി. 30.04.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധി ക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3(f) | ഇടത്തറ(എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി മാൻമോഹൻ 110 മുതൽ മാൻഹോൾ 150 വരെ സ്വീവറേജ് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-6) | പ്രവൃത്തികൾ പുരോഗമി ക്കുന്നു, 28% പൂർത്തിയായി. 30.04.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധി ക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | ഇടത്തറ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | കരാർ നൽകിയിട്ടുണ്ട്. ഇട ത്തറ പമ്പ്ഹൗസിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി. പ്രവൃത്തി പൂർത്തീകരി ക്കാനാകും. 30.05.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷി ക്കുന്നു. |
| 5 | ആക്കുളത്ത് സ്വീവറേജ് പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം (ബ്ലോക്ക്-കെ) | പ്രവൃത്തികൾ പുരോഗമി ക്കുന്നു, 76% പൂർത്തിയായി. 30.04.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധി ക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 6 | ആക്കുളം പമ്പിംഗ് സ്റ്റേ.ൻ മുതൽ പ ുലയനാർകോട്ട സ്റ്റില്ലിംഗ് ചേമ്പർ വരെ 450 മി.മീ വ്യസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 7 | കുഴിവിള മുതൽ ആക്കുളം വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ (ബ്ലോക്ക് - കെ) - ബൈപ്പാസ് ജങ്ഷനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ ആക്കുളം പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവ റേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമി ക്കുന്നു, 79% പൂർത്തിയായി. 15.04.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധി ക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 8 | ആക്കുളം പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | കരാർ നൽകിയിട്ടുണ്ട്. ആക്കുളം പമ്പ്ഹൗ സിന്റെ നിർമ്മാണപ്രവൃ ത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി. പ്രവൃത്തി പ ൂർത്തീകരിക്കാനാകും. 30.04.2022-ന് പ്രവൃത്തി പ ൂർത്തിയാക്കാൻ സാധിക്കു |

| | | |
|---|---|---|
| | | കരാർ നൽകിയിട്ടുണ്ട്. ആക്കുളം പമ്പ്ഹൗസിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി. പ്രവൃത്തി പൂർത്തീകരിക്കാനാകും. 30.04.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 9 | കരിമണലിൽ സ്വീവറേജ് പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കൽ (ബ്ലോക്ക് - ജെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 86% പൂർത്തിയായി. |
| 10 | കരിമണൽ മുതൽ കുഴിവിള വരെ 350 മി.മീ. വ്യാസമുളള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 11(a) | കരിമണൽ (ബ്ലോക്ക്-ജെ)യിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി അരശുംമൂട് മുതൽ കരിമണൽ പമ്പിംഗ് സ്റ്റേഷൻ വരെ ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ | പ്രവൃത്തികൾ 26% പൂർത്തിയായെങ്കിലും പുരോഗതി വളരെ കുറവായതിനാൽ നിലവിലെ കരാർ കമ്പനിയെ ഒഴിവാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്തിൽ ചെയ്യുവാനായി പലവട്ടം ദർഘാസുകൾ ക്ഷണിച്ചുവെങ്കിലും കരാറുകാർ ദർഘാസിൽ പങ്കെടുക്കാത്തതിനാൽ ടി. പ്രവൃത്തിയെ നാലായി വിഭജിച്ച് നടപ്പിലാക്കാനായി വീണ്ടും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. |
| 11(b) | കരിമണൽ (ബ്ലോക്ക്-ജെ)യിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി ബൈപ്പാസ് ജങ്ഷൻ (കുഴിവിള) മുതൽ അരശുംമൂട് മുതൽ കരിമണൽ പമ്പിംഗ് സ്റ്റേഷനിലേയ്ക്കുളള ട്രങ്ക് മെയിനിലെ മാൻഹോൾ3 വരെ സ്വീവറേജ് നെറ്റ്വർക്ക് സ്ഥാപിക്കൽ. | ടി. പ്രവൃത്തിക്കായി പലവട്ടം ദർഘാസുകൾ ക്ഷണിച്ചെങ്കിലും കരാറുകാർ പങ്കെടുക്കാത്തതിനാലും, പങ്കെടുത്തവർ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാലും ദർഘാസ് റദ്ദു ചെയ്ത് എസ്റ്റിമേറ്റ് പുതുക്കി വീണ്ടും ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. |
| 11(c) | കരിമണൽ (ബ്ലോക്ക്-ജെ)യിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി അരശുംമൂട് മുതലുളള | കരിമണൽ (ബ്ലോക്ക്-ജെ) യിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ |

| | | |
|---|---|---|
| | ലൂടെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷൻ മുതൽ അരശുംമൂട് സ്റ്റില്ലിംഗ് ചേമ്പർ വരെ 350 മി.മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | |
| 12(b) | കഴക്കൂട്ടം ഏരിയ മുതൽ എൽ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിൽ പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം | പ്രവൃത്തികൾ പുരോഗമിക്കുന്നു, 32% പൂർത്തിയായി. 2022 ജൂലൈ മാസത്തോടെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 12(c) | കഴക്കൂട്ടം ഏരിയ മുതൽ എൽ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | കരാർ നൽകിയിട്ടു്, 2022 സെപ്തംബർ മാസ്ത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| 12(d) | കഴക്കൂട്ടം ഏരിയ മുതൽ എൽ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷനിൽ പമ്പസെറ്റ്, ട്രാൻസ്ഫോർമർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ | പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ടി. പ്രവൃത്തിയും പൂർത്തീകരിക്കാനാവു മെന്ന് പ്രതീക്ഷിക്കുന്നു.. |
| 13 | കരിമണൽ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | കരാർ നൽകിയിട്ടുണ്ട് പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ടി. പ്രവൃത്തിയും പൂർത്തീകരിക്കാനാവു മെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**